# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 883** **11.03.2015 - ൽ മറുപടിയ്ക്ക്**

**പലകപ്പാണ്ടി ഡൈവേർഷൻ സ്കീമിന്റെ കീഴിലുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. വി. ചെന്താമരാക്ഷൻ** | | **ശ്രീ. പി. ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) പലകപ്പാണ്ടി ഡൈവേർഷൻ സ്കീമിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന സൈഡ് സംരക്ഷണ പ്രവൃത്തി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) | പലകപ്പാണ്ടി ഡൈവേർഷൻ സ്കീമിൽ; എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തിക്കായി 20.12.2014-ലെ ജി.ഒ.(എം.എസ്) നമ്പർ 113/2014/ജ.വി.വ ഉത്തരവ് പ്രകാരം 78.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കാനുള്ള പരിശ്രമങ്ങൾ നടന്നു വരുന്നു |
| (ബി) ഈ പദ്ധതി എന്ന് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് സർക്കാർ വിശദമാക്കുമോ; | (ബി) | പലകപ്പാണ്ടി പുഴയിൽ ഒരു തടയണയും പാത്തിപ്പാറ, ചുക്രിയാർ എന്നിവിടങ്ങളിലായി 3 തടയണകളും 3.93 കി.മീ. ദൈർഘ്യമുള്ള കനാലും നിർമ്മിച്ച് ചുള്ളിയാർ ജലസംഭരണിയിൽ വെള്ളം എത്തിക്കുന്ന പ്രവർത്തി 4 ഭാഗങ്ങളായി തിരിച്ച് 2005 ഒക്ടോബറിൽ പണിയാരംഭിക്കുകയും, 2014 മെയ് 30- ാം തീയതി പദ്ധതി പൂർത്തീകരിക്കുകയും |

ചെയ്തിട്ടുണ്ട്. എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ചുള്ള പ്രവർത്തികൾ 2015 നവംബർ 30 ഓടെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| | |
|---|---|
| (സി) ഈ പദ്ധതിയ്ക്കായി നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ട് എന്ന് വിശദമാക്കുമോ? | (സി) പദ്ധതിക്കായി ഇതുവരെയുള്ള പണികൾ പൂർത്തീകരിക്കുന്നതിനായി 12.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ